# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1676** — **03/05/2017-ൽ മറുപടിക്ക്**

## പകർച്ചപ്പനി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തുണ്ടാകുന്ന പകർച്ചപ്പനി നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതിനായി എന്തെങ്കിലും കർമ്മപരിപാടി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | എ) | പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നു. മഴക്കാലം വരുന്നതിന് മുൻപേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും, ശുചിത്വമിഷനെയും, ഇതര വകുപ്പുകളേയും ഒത്തൊരുമിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവൽക്കരണ ക്യാമ്പെയിനുകളും നടപ്പിലാക്കി വരുന്നു. രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതു വഴി പകർച്ച-വ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നു. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും, മരുന്നിന്റെയും, രോഗനിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്.<br><br>രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹ-സന്ദർശനം, മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗ പകർച്ച തടയുന്നതിനുള്ള കൊതുക് നശീകരണ പ്രവർത്തനങ്ങളും (ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക, (ഐ.എസ്.എസ്) വീടിന് |

പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, വയറിളക്ക രോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്. ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ, വൃത്തിയാക്കുന്നവർക്കും കൃഷിപ്പണി ചെയ്യുന്നവർക്കും, ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളികകളും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ബി)** പകർച്ചപ്പനി നേരിടാൻ ആയുർവേദ ആശുപത്രികളിലും, ഹോമിയോ ആശുപത്രികളിലും,ഡിസ്പെൻസറികളിലും മരുന്നുകൾ ലഭ്യമാക്കുവാനും പകർച്ചവ്യാധികൾ ഉണ്ടായ സ്ഥലങ്ങളിലും സാധ്യതാ സ്ഥലങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ നടത്താനും നടപടി സ്വീകരിക്കുമോ?

**ബി)** സംസ്ഥാനത്തെ എല്ലാ ആയുർവേദ ആശുപത്രികളിലും പകർച്ചപ്പനിയ്ക്ക് (പനിക്ലിനിക്ക്) ഉള്ള പ്രത്യേക മരുന്നുകൾ അടങ്ങിയ ഔഷധക്കിറ്റ് എത്തിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. ഹോമിയോപ്പതി വകുപ്പ് മുഖേന ആവശ്യമായ മരുന്നുകൾ സ്റ്റോക്ക് ചെയ്യുന്നതിനും, പ്രതിരോധ ഔഷധം വിതരണം ചെയ്യുന്നതിനും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും പനിക്ലിനിക്കുകൾ ആരംഭിക്കുന്നതിനും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

Seena

**സെക്ഷൻ ഓഫീസർ**